പോലീസുദ്യോഗസ്ഥൻ

*൨൪൭. (൨൨) ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഇൻഡ്യൻ പോലീസു സർവ്വീസിൽനിന്നും ഒരു ഉയന്ന ഉദ്യോഗസ്ഥനെ ഇവിടത്തെ പോലീസിൽ വരുത്തിയിട്ടുണ്ടോ; ഇവിടത്തെ ശമ്പളം എന്തു;

(ബി) അവിടത്തെ ഉദ്യോഗം എന്തായിരുന്നു?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇൻഡ്യൻ പോലീസ് സർവ്വീസിൽനിന്ന് ഇവിടെ ആരേയും നിയമിച്ചിട്ടില്ല.

(ബി) എയുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മദ്രാസ് സർവ്വീസിൽനിന്ന് ആരേയും നിയമിച്ചിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: നിയമിച്ചിട്ടുണ്ട്.

അറസ്റ്റ്ചെയ്യപ്പെട്ട കമ്മ്യൂണിസ്റ്റ്കാർ

*൨൫൨. (൨൩൨) ശ്രീ. വി. കെ. വറുഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) കമ്മ്യൂണിസ്റ്റുകാരൻ എന്ന കാരണത്താലോ, കമ്മ്യൂണിസ്റ്റു പ്രവർത്തനങ്ങളിൽ ഉൾപ്പെട്ട എന്ന കാരണത്താലോ എത്ര പേരെ അറസ്റ്റു ചെയ്ത കസ്റ്റഡിയിലാക്കിയിട്ടുണ്ട്;

(ബി) പോലീസു കസ്റ്റഡിയിൽ വച്ച് അങ്ങനെയുള്ളവരിൽ ആരെങ്കിലും മരിച്ചിട്ടുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൩൨൫.

(ബി) ൩ പേർ രോഗബാധിതരായി ആശുപത്രിയിൽ കിടന്നു മരിച്ചിട്ടുണ്ട്.

ശ്രീ. വി. കെ. വറുഗീസ്: പോലീസ് കസ്റ്റടിയിലുള്ള താമസമാണ് ഈ മരണത്തിനു കാരണമെന്നു ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ബോദ്ധ്യമായിട്ടില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: പോലീസ് കസ്റ്റടിയിൽ വച്ചിരുന്നവർ ആശുപത്രിയിൽ വച്ചാണോ മരിച്ചത്?

ശ്രീ. ടി. കെ. നാരായണപിള്ള: അതേ. ആശുപത്രിയിൽവച്ചാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: അതു സംബന്ധിച്ചു ഗവണ്മെൻറ് അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ ആവശ്യം നേരിട്ടിട്ടില്ല.

ശ്രീ. ഇട്ടീരാഅംബുക്കൻ: കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേരാതെ കമ്മ്യൂണിസം പ്രചരിപ്പിക്കുന്നതു ശരിയാണോ?

Mr. Speaker: That question is disallowed.

LIBRARY ARCHIVES Kerala Legislative Assembly